**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6093** **17-03-2023 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ്, ഗ്രൂപ്പ് ഇൻഷുറൻസ് വിവരങ്ങൾ സൂക്ഷിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മാസംതോറും പിടിക്കുന്ന സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ്, ഗ്രൂപ്പ് ഇൻഷുറൻസ് എന്നിവയുടെ വിവരങ്ങൾ വകുപ്പിന്റെ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണത്തിന് ശേഷവും ഡാറ്റാ എൻട്രി ചെയ്ത് സൂക്ഷിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടില്ല. എന്നാൽ കമ്പ്യൂട്ടർ വൽക്കരണത്തിനായി ഡി.ഡി.ഒ മാർ മുഖാന്തിരം ഡാറ്റാ എൻട്രി നടത്തി ശേഖരിച്ച SLI/GIS എന്നിവ സംബന്ധിച്ച വിവരങ്ങൾ വകുപ്പിൽ സൂക്ഷിച്ചിട്ടുണ്ട്. വകുപ്പിന്റെ കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടി ഡാറ്റ വകുപ്പിന് ഉപയോഗ പ്രദമാക്കാൻ സാധിക്കുകയുള്ളൂ |
| (ബി) | അതോടൊപ്പം തന്നെ പാസ്സുക്കിൽ പതിക്കുകയും ഓഫീസ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയും സൂക്ഷിക്കാറുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്നതുവരെ പാസ് ബുക്കിൽ പതിക്കുകയും ഓഫീസിലെ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അനിവാര്യമാണ്. ഇപ്രകാരം രേഖപ്പെടുത്തുന്നതിനുള്ള ചുമതല അതാത് ഡി.ഡി.ഒ മാരിൽ നിക്ഷിപ്തമാണ്. |
| (സി) | ഏതെങ്കിലും സാഹചര്യത്തിൽ പാസ്സുക്ക് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായാൽ ഓഫീസിൽ ഇത് സംബന്ധിച്ച രേഖകൾ ലഭിക്കാതെ വരുന്നത് മൂലം ജീവനക്കാർ വർഷങ്ങളായി അടച്ച തുക തിരികെ ലഭിക്കാതെ വരുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | പാസ് ബുക്ക് നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഡി.ഡി.ഒ മാർ സാക്ഷ്യപ്പെടുത്തി നൽകുന്ന സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ക്ലെയിം തുക അനുവദിക്കുന്നുണ്ട്. |
| (ഡി) | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മാസം തോറും പിടിക്കുന്ന ഇൻഷ്വറൻസ് തുക അവർക്ക് നഷ്ടപ്പെടാത്ത വിധം കൃത്യമായി തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ